**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2174** | **21-06-2024 - ൽ മറുപടിയ്ക്ക്**

**നെടുങ്കണ്ടത്ത് ജില്ലാ ആശുപത്രിയുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഉടുമ്പൻചോല മണ്ഡലത്തിലെ നെടുങ്കണ്ടത്ത് പണികഴിപ്പിക്കുന്ന ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണപുരോഗതി വ്യക്തമാക്കുമോ; | (എ) | ഉടുമ്പൻചോല മണ്ഡലത്തിലെ നെടുങ്കണ്ടത്ത് സ്ഥിതിചെയ്യുന്ന ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം KIIFBI മുഖേന HITES എന്ന നിർവ്വഹണ ഏജൻസിയാണ് നിർവ്വഹിച്ച് വരുന്നത്. നിലവിൽ 48% നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണപ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് വ്യക്തമാക്കുമോ; പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | പ്രസ്തുത പ്രവർത്തിയുടെ പൂർത്തീകരണ കാലയളവ് 12.02.2022 ആയിരുന്നു . എന്നാൽ നിർമ്മാണത്തിൽ അപ്രതീക്ഷിതമായ ചില തടസ്സങ്ങൾ നേരിട്ടതിനാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ സാധിച്ചില്ല. നിർമ്മാണം ത്വരിതഗതിയിലാക്കുന്നതിനു നിർവഹണ ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 31.10.2024 നകം പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് നിർവ്വഹണ ഏജൻസി ആയ HITES അറിയിച്ചിട്ടുണ്ട്. |
| (സി) | നിർമ്മാണപ്രവൃത്തി മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മറുപടി (ബി) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ